# വൈഖരി





## അക്കാദമിക മാസ്റ്റർപ്ലാൻ

2025-26

GLPS. MANCHIRA

# അക്കാദമിക
# മാസ്റ്റർ പ്ലാൻ -2025-26

---

## ആമുഖം

ഒരു വിദ്യാലയത്തിലെ പരമപ്രധാനമായ ഒരു ഘടകമാണ് സ്കൂളിലെ കുട്ടികളുടെ അക്കാദമിക നിലവാരം. അത് മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ നിരന്തരം വിദ്യാലയത്തിൽ നടപ്പിലാക്കേണ്ടതുണ്ട്.

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം ലക്ഷ്യമാക്കി സ്കൂൾ പ്രവർത്തനങ്ങളെ ആസൂത്രണം ചെയ്യേണ്ടതുണ്ട്. ഓരോ കുട്ടിയെയും ഒരു യൂണിറ്റായി പരിഗണിച്ചുകൊണ്ട് കുട്ടികൾക്ക് കിട്ടേണ്ട അഥവാ അവർ ആർജിക്കേണ്ട പഠനനേട്ടങ്ങളെല്ലാം അവരിൽ നേടിയെടുക്കാൻ ആസൂത്രിതമായ അക്കാദമികപ്രവർത്തനങ്ങൾ സ്കൂളിൽ നിരന്തരമായി ചെയ്യേണ്ടതുണ്ട്. കുട്ടികളിലെ ഭാഷാശേഷി, ഗണിതാശയങ്ങളുടെ ഗ്രാഹ്യത, ശാസ്ത്രാവബോധം, വായനാശേഷി, എഴുത്തിലെ പ്രാവീണ്യം ഇംഗ്ലീഷ് ഭാഷാപരിജ്ഞാനം എന്നിവ പ്രൈമറി തലം മുതൽ കുട്ടികളിലേക്ക് അർത്ഥവത്തായി ആഴത്തിൽ എത്തിക്കുക എന്നത് അധ്യാപകരുടെ ഉത്തരവാദിത്വമാണ്.

കൂടാതെ സ്കൂളിന്റെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തും ഗുണനിലവാരം ഉയർത്തുന്നതായിരിക്കണം. ക്ലാസ്മുറികൾ നല്ല പഠനാന്തരീക്ഷം നൽകുന്നതും വൃത്തിയുള്ളതും ശിശുസൗഹൃദമായ സാഹചര്യം ഉളവാക്കുന്നതുമായിരിക്കണം. കുട്ടികൾക്ക് കളിക്കുന്നതിനും കായികപരിശീലനം നടത്തുന്നതിനും സ്കൂളിൽ സൗകര്യമുണ്ടായിരിക്കണം.

ലക്ഷ്യം

* 1 മുതൽ 4 വരെ ക്ലാസ്സിലെ എല്ലാ കുട്ടികളും അവർ നേടേണ്ട ശേഷികളെല്ലാം നേടി എന്ന് ഉറപ്പ് വരുത്തുക.
* എല്ലാ കുട്ടികളെയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് പ്രത്യേക പരിഗണന ആവശ്യമുള്ളവർക്കും നൽകി പഠനപ്രവർത്തനങ്ങളെ ആസൂത്രണം ചെയ്യുക.
* ആദ്യ ക്ലാസിൽ നിന്നും സ്ഥാനക്കയറ്റം കിട്ടുമ്പോഴും ഓരോ കുട്ടിയും എഴുത്തും വായനയും സർഗ്ഗാത്മകതയും അതത് ക്ലാസ് നിലവാരത്തിനനുസരിച്ച് ആർജ്ജിച്ചിരിക്കണം.
* ഗണിതശാസ്ത്രങ്ങളും ആശയങ്ങളും വ്യക്തമായും സ്പഷ്ടമായും ഗ്രഹിക്കുക.
* മലയാള ഭാഷയോടൊപ്പം തന്നെ ഇംഗ്ലീഷ് ഭാഷയിലും പ്രാവീണ്യം നേടുക. ഇംഗ്ലീഷ് വായനയും ഇംഗ്ലീഷ് സംസാരശേഷിയും വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്യുക.
* സർഗ്ഗാത്മകരചനയിൽ പ്രാവീണ്യം നേടുന്നതിനായി കഥ, കവിത, ചിത്രരചന, നാടകം ശില്പശാലകൾ സംഘടിപ്പിക്കുക.
* IT അധിഷ്ഠിത പഠനം കൂടുതൽ കാര്യക്ഷമമാക്കുക.
* അലക്സയിലൂടെ English speech enhance ചെയ്യുക
* കുട്ടികളിൽ ശാസ്ത്രാവബോധം വളർത്തുക.
* ലൈബ്രറി ശാക്തീകരണം, ലൈബ്രറി നിർമ്മാണം
* L.S.S. പരിശീലനം കാര്യക്ഷമമാക്കുക.
* പ്ലാസ്റ്റിക് വിമുക്ത വിദ്യാലയമായി സൃഷ്ടിക്കുക.
* കലാ-കായിക-പ്രവൃത്തിപരിചയ-ശാസ്ത്ര-ഗണിത മേളകളിൽ കുട്ടികളെ സജീവമായി പരിശീലിപ്പിച്ച് പങ്കെടുപ്പിക്കുക.
* ശക്തമായതും കാര്യക്ഷമമായതുമായ, സജീവവുമായ PTA യുടെ സാന്നിദ്ധ്യവും പ്രവർത്തനവും ഉറപ്പുവരുത്തുക.
* ടാലന്റ് ലാബ് സജീവമാക്കുക.
* CPTA കൂടുതൽ കാര്യക്ഷമമാക്കുക.
* മൂല്യനിർണയം തുടർച്ചയായ ഇടവേളകളിൽ നടത്തുക.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| <u>മലയാളം</u><br>* എല്ലാ കുട്ടികൾക്കും അതാതു ക്ലാസുകളിൽ ആവശ്യമായ തലത്തിൽ എഴുത്തും വായനയും പരിശീലിക്കുക. പ്രീടെസ്റ്റ് നടത്തി കണ്ടെത്തുന്ന പിന്നോക്കക്കാർക്ക് പ്രത്യേക പരിശീലനം<br>* എഴുത്തിലും വായനയിലും കൂടി ഒരേയൂണിറ്റായി പരിഗണിച്ചുകൊണ്ട് പ്രവർത്തനങ്ങൾ നൽകുക. | അക്ഷരങ്ങൾ, ചിഹ്നങ്ങൾ, വാക്കുകൾ, വാചകങ്ങൾ എന്നിവയുടെ ആവർത്തന വായനയും എഴുത്തും പരിശീലിക്കുക. ചിഹ്നങ്ങൾ ഉറപ്പിക്കൽ, എന്നിവ 1 മുതൽ 4-ാം ക്ലാസ്‌വരെ ഊന്നൽ നൽകണം. "സമഗ്ര" എന്ന പ്രത്യേക പഠനപരിപാടി പഠനപിന്നോക്കക്കാർക്ക് അധികസമയം കണ്ടെത്തി ചെയ്യിക്കണം. വായനാക്കാർഡുകൾ ക്ലാസിൽ ഇടവേളയായി ഉപയോഗിക്കണം | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ |
| * എല്ലാ കുട്ടികൾക്കും വായന ശീലമാക്കുക, വായനയെ പ്രോത്സാഹിപ്പിക്കുക. | വായനാ പുസ്തകങ്ങൾ നൽകി വായനാ കുറിപ്പുകൾ തയ്യാറാക്കാൻ ആവശ്യപ്പെടുന്നു. "എന്റെ പുസ്തകം എന്റെ കുറിപ്പ്" "എന്റെ എഴുത്തുപെട്ടി" എന്ന പെട്ടിയിൽ വായനാക്കുറിപ്പുകൾ നിക്ഷേപിച്ച് മാസം തോറും സമ്മാനം നൽകുന്നു. | ജൂൺ മുതൽ മെയ് വരെ. | അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| കുട്ടികളുടെ സർഗ്ഗാത്മകത പ്രോത്സാഹിപ്പിക്കുക, പ്രവർത്തനങ്ങൾ നടപ്പിലാക്കുക. | കഥ, കവിത, നാടകം, ശില്പശാലകൾ സംഘടിപ്പിക്കുക. | | |
| | "കഥയരങ്ങ്" — ഒരു സാഹിത്യകാരനെ ഉപയോഗിച്ച് കഥ നിർമ്മാണ ശില്പശാല നടത്തുന്നു. | ആഗസ്റ്റ് | അധ്യാപകർ PTA |
| | "കാവ്യസൗരഭം" കവിതാവലികൾ സ്വയം കണ്ടെത്തി എഴുതുന്നതിനുള്ള പരിശീലനം കുട്ടികൾക്ക് ലഭിക്കുന്നതിനായി കവിതാ ശില്പശാല നടത്തുന്നു. | സെപ്റ്റംബർ | അധ്യാപകർ PTA |
| | "യവനിക" നാടക ശില്പശാല നടത്തി കുട്ടികളെ അഭിനയപാഠങ്ങൾ ഗ്രഹിക്കാൻ അവസരം നൽകുന്നു. | നവംബർ | അധ്യാപകർ PTA |
| | കയ്യെഴുത്തുമാസിക കുട്ടികൾതന്നെ തയ്യാറാക്കുന്ന എഴുതി തയ്യാറാക്കുന്നത് ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നു. | ആഗസ്റ്റ് മുതൽ ഒക്ടോബർ വരെ | അധ്യാപകർ കുട്ടികൾ. |
| | പത്രവായന — അസംബ്ലിയിൽ<br>ക്ലാസ് ലൈബ്രറി - സജീവമാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ കുട്ടികൾ. |
| | സ്കൂൾ പത്രം തയ്യാറാക്കൽ (പ്രതിവാരം) | ജൂൺ മുതൽ മാർച്ച് വരെ. | അധ്യാപകർ കുട്ടികൾ. |

ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
| --- | --- | --- | --- |
| എല്ലാ കുട്ടികളും ഇംഗ്ലീഷ് നന്നായി വായിക്കുകയും എഴുതുകയും ചെയ്യുക | ഇംഗ്ലീഷ് Reading cards എന്നിവ ക്ലാസിൽ ഇടയ്ക്കിടയായി കുട്ടികളെ കൊണ്ട് വായിപ്പിക്കുക. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ |
| ഇംഗ്ലീഷ് vocabulary കുട്ടികളിൽ വികസിപ്പിക്കുക. | ഇംഗ്ലീഷ് കേട്ടെഴുത്ത് പരിപാടി ക്ലാസിൽ ഇടയ്ക്കിടയായി ചെയ്യുക - ഇത് തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതുന്നതിന് സഹായകമാകും | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ |
| ഇംഗ്ലീഷ് Speech പ്രോത്സാഹിപ്പിക്കുക. ഇംഗ്ലീഷ് വായന ശേഷി വർദ്ധിപ്പിക്കുക. | Alexa കുട്ടികളെ കൊണ്ട് നിരന്തരം ഉപയോഗിപ്പിക്കുക. English Assembly കുട്ടികളെ കൊണ്ട് നടത്തിക്കുക. English skits കുട്ടികളുടെ സഹായത്തോടെ നടത്തുക. English conversation കുട്ടികളെ കൊണ്ട് നടത്തിക്കുക. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ |
| | English Vocabulary enhancing നായി സ്വയം ദിവസേന 10 New words എഴുതി പഠിക്കുക. English fest നടത്തുക. | ആഗസ്റ്റ് - ജനുവരി | |

പരിസര പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| * കുട്ടികൾ പ്രകൃതിയെ അറിയുക.<br>* പരിസ്ഥിതി സംരക്ഷണം, സസ്യങ്ങൾ വെച്ചുപിടിപ്പിക്കൽ, സംരക്ഷണം എന്നിവയെകുറിച്ച് കുട്ടികൾക്ക് അവബോധം ഉണ്ടാക്കുക.<br>* വസ്തുക്കൾ പരീക്ഷണ നിരീക്ഷണങ്ങളിലൂടെ തിരിച്ചറിയുക.<br>* ശാസ്ത്രാവബോധമുള്ള കുട്ടികളായി വളരുക. | ★ പരിസ്ഥിതി ദിനാചരണം – കുട്ടികൾക്കൊരു വൃക്ഷത്തൈ, ക്വിസ് മത്സരം, പതിപ്പ് തയ്യാറാക്കൽ സസ്യ നിരീക്ഷണം പക്ഷി നിരീക്ഷണം ക്ലാസുകൾ, ചെടികളുടെ നടീലും പരിപാലനവും | ജൂൺ - 5<br>ജൂലായ് - ഡിസംബർ | അധ്യാപകർ<br>അധ്യാപകർ |
| | ★ "ഞങ്ങൾ കണ്ടെത്തും" പരീക്ഷണ ശില്പശാല. | ജൂലായ് - 21 | അധ്യാപകർ |
| | ★ ബഹിരാകാശദിനാചരണം – രാജാമണി മാസ്റ്ററുടെ ക്ലാസ്. | ജൂലായ് - 21 | അധ്യാപകർ |
| | ★ ശാസ്ത്ര പാഠഭാഗങ്ങൾ ക്ലാസ്റൂമിന് പുറത്ത് | ജൂൺ - മാർച്ച് | അധ്യാപകർ |
| | ★ സ്വയം പരീക്ഷണങ്ങൾക്ക് കൂടുതൽ അവസരങ്ങൾ. | ജൂൺ - മാർച്ച് | അധ്യാപകർ |
| | ★ ശാസ്ത്രപതിപ്പ് തയ്യാറാക്കൽ. | ഫെബ്രുവരി | അധ്യാപകർ, കുട്ടികൾ |
| | ★ പ്രകൃതിയെ അറിയാൻ – പരിപാടി - ഫീൽഡ് ട്രിപ്പ് ആശ്രമം. ഹെറിറ്റേജ് വില്ലേജ് | ജനുവരി. | PTA, അധ്യാപകർ |

ഗണിതം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല. |
|---|---|---|---|
| * ഗണിതാശയങ്ങൾ, അടിസ്ഥാന ഗണിതം പിന്നോക്കക്കാരിൽ ഊന്നൽ നൽകൽ – | ഗണിതത്തിന്റെ അടിസ്ഥാന ആശയങ്ങൾ, സംഖ്യാബോധം പിന്നോക്ക കുട്ടികളിൽ ഉറപ്പിക്കുന്നതിന് "മധുരം ഗണിതം" പദ്ധതി. | ജൂൺ - മാർച്ച് | അധ്യാപകർ |
| * ചതുഷ്ക്രിയകൾ കുട്ടികളിൽ ആഴത്തിൽ ഉറപ്പിക്കൽ. | ഗണിതക്ലബ് രൂപീകരണവും പ്രവർത്തനങ്ങളും | ജൂൺ - മാർച്ച് | അധ്യാപകർ |
| | ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിന് നിരന്തര പരിശീലനം. | ജൂൺ - മാർച്ച് | അധ്യാപകർ |
| * ഗണിതം നിത്യജീവിതവുമായി നിരന്തരം ബന്ധപ്പെടുത്തി പഠനാവസ്ഥ ഉറപ്പിക്കൽ | ഗണിത മാഗസിൻ തയ്യാറാക്കൽ. | ജൂൺ - ഡിസംബർ | കുട്ടികൾ അധ്യാപകർ |
| | ഗണിതക്വിസ് - മാസം തോറും നടത്തുന്നു. | ജൂൺ - മാർച്ച് | അധ്യാപകർ |
| | ഗണിതോപകരണ നിർമാണ ശില്പശാല. | ഡിസംബർ | അധ്യാപകർ കുട്ടികൾ PTA |
| | വീട്ടിലെ ഗണിതം, ക്ലാസിലെ ഗണിതം, പ്രകൃതിയിലെ ഗണിതം, മനുഷ്യശരീരത്തിലെ ഗണിതം. പിന്നോക്ക കുട്ടികൾ തിരിച്ചറിയുന്ന ഒരു പ്രവർത്തനങ്ങൾ നൽകുന്നു. | അധ്യാപകരുടെ സാന്നിധ്യത്തിൽ ജൂൺ - മാർച്ച് | അധ്യാപകർ |

## മറ്റുപ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികളെയും L.S.S. നേടാൻ പ്രാപ്തരാക്കുക. | L.S.S പരിശീലനം ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം നൽകുന്നു. കൂടാതെ അധികസമയങ്ങളിൽ പരിശീലനം നൽകുന്നു. | ജൂൺ - മാർച്ച് | അധ്യാപകർ |
| 'A' നിലവാരത്തിലെത്തു ചോദ്യങ്ങൾക്ക് അനായാസം ഉത്തരം കണ്ടെത്തുക. | ക്ലാസ് തല പ്രവർത്തനങ്ങളോടൊപ്പം 'A' grade നിലവാരത്തിലെത്തു ചോദ്യങ്ങൾ നിരന്തരം നൽകുകയും അവയുടെ ഉത്തരങ്ങൾ സ്വയം കണ്ടെത്തുകയും ചെയ്യുന്നു. | ജൂൺ - മാർച്ച് | അധ്യാപകർ |
| കലാ-കായിക-പ്രവൃത്തി പരിചയ-ഗണിത-ശാസ്ത്ര മേളകളിൽ സജീവമായി പങ്കെടുത്ത് വിജയിക്കുവുക. | കലാ - കായിക - പ്രവൃത്തിപരിചയ-ഗണിത-ശാസ്ത്ര വിഷയങ്ങളുടെ പരിശീലനം നിരന്തരം നൽകുക. | ജൂലൈ - സെപ്തംബർ | അധ്യാപകർ PTA |
| ശുചിത്വശീലങ്ങൾ ഉറപ്പുവരുത്തുക. | "എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം" എന്ന ശീലം നടപ്പിലാക്കുന്നു. സ്കൂൾ നിരന്തരം വൃത്തിയായി വെയ്ക്കുന്നു. | ജൂൺ - മാർച്ച് | [illegible] അധ്യാപകർ, കുട്ടികൾ |
| | മാലിന്യങ്ങൾ സംസ്കരിക്കാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുന്നു. | ജൂൺ - മാർച്ച് | അധ്യാപകർ, കുട്ടികൾ, PTA |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| PTA, Class PTA ശക്തിപ്പെടുത്തൽ. | PTA യുടെ സഹകരണത്തോടെ കൂടുതൽ CSR funds സ്കൂളിലേക്ക് വിനിയോഗിക്കാൻ ശ്രമം നടത്തുക.<br>സ്കൂൾ പ്രവർത്തനങ്ങൾ, ഉച്ചഭക്ഷണം തുടങ്ങിയവയിൽ PTA യുടെ നിരന്തരം ഇടപെടലും സഹായവും ഉറപ്പുവരുത്തുക. | | |
| ഭൗതികസാഹചര്യം മെച്ചപ്പെടുത്തൽ | ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിൽ PTA യുടെ സഹകരണം ഉറപ്പുവരുത്തുക.<br>മെച്ചപ്പെടുത്തേണ്ടവ<br>* കുട്ടികൾക്ക് കളിസ്ഥലം.<br>* ഓരോ ക്ലാസ്സിലും സ്മാർട്ട് ബോർഡ് സ്ഥാപിക്കുക<br>* സ്കൂളിൽ ഒരു സ്റ്റേജ് നിർമ്മിക്കുക.<br>* സ്കൂളിന്റെ മുൻവശത്തുള്ള മതിൽ വലുതാക്കി നിർമിച്ച് വലിയ ഗേറ്റും കമാനവും നിർമിക്കുക. | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| * മൂല്യനിർണയ പ്രവർത്തനങ്ങൾ. യൂണിറ്റ് ടെസ്റ്റുകൾ | യൂണിറ്റ് ടെസ്റ്റുകൾ മാസം തോറും നടത്തി CPTA യിൽ വിലയിരുത്തുന്നു. Progress card നൽകി ഉറപ്പുവരുത്തുന്നു | ജൂൺ - മാർച്ച് | അദ്ധ്യാപകർ |
| * നിരന്തര മൂല്യനിർണയം | കുട്ടികളെ നിരന്തര വിലയിരുത്തലിലൂടെ ഓരോ ഘട്ടങ്ങളിൽ കൈവരിക്കുന്നതിനായി Exam നോട്ടുകൾ ഉപയോഗിക്കുന്നു. | ജൂൺ - മാർച്ച് | അദ്ധ്യാപകർ |
| * സൂചകങ്ങളെ അടിസ്ഥാനമാക്കി സ്വയം മൂല്യനിർണയ ഉപാധികൾ തയ്യാറാക്കുക | കുട്ടികളെ തന്നെ സ്വയം മൂല്യനിർണയ ടൂളുകൾ ഉണ്ടാക്കാൻ പരിശീലിപ്പിക്കുന്നു. | ജൂൺ - മാർച്ച് | അദ്ധ്യാപകർ |